(ഇ) ഇവയിൽ സംസ്ഥാനത്തെ യൂണിറ്റുകളിൽ നിന്നോ സംസ്ഥാനത്തിന് പുറത്തുള്ള എസ്. എസ്. ഐ. യൂണിറ്റുകളിൽ നിന്നോ എന്തു തുകയ്ക്കു വീതമുള്ള ഉപകരണങ്ങൾ ഈ കാലത്ത് വാങ്ങിയെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) പള്ളത്തെ സെൻട്രൽ മെക്കാനിക്കൽ ഡിവിഷൻ എന്ന ഒരു യൂണിറ്റ് ബോർഡിനു കീഴിൽ പ്രവർത്തിക്കുന്നു.

(ബി) വി. ക്രോസ് ഡാം, സ്റ്റേ റോഡ്-16 എം. എം., സ്റ്റേ റോഡ്- 20 എം.എം., പാക്കിംഗ് ക്ലാസ് എർത്ത് പൈപ്പ്, പോൾടോപ്പ്, ബ്രാക്കറ്റ് പൈപ്പ്, ഫിറ്റിംഗ് ഫോർ സ്ട്രീറ്റ് ലൈറ്റ്, ഫോർലൈൻ ക്രോസാം, ടൂ ലൈൻ ക്രോസാം മുതലായ സാധനങ്ങളാണ് ഇവിടെ ഉൽപ്പാദിപ്പിക്കുന്നത്.

(സി) ഇവിടെ ഉൽപ്പാദിപ്പിച്ച എല്ലാ സാധനങ്ങൾക്കും വിവിധ ഡിസ്ട്രിബ്യൂഷൻ ചീഫ് എഞ്ചിനീയർമാർക്ക് അലോക്കേഷൻ കൊടുത്ത് ആവശ്യാനുസരണം ലിഫ്ട് ചെയ്യപ്പെട്ടശേഷം "അൺലിഫ്റ്റഡ്" ആയി കിടന്നിരുന്ന സാധനങ്ങൾ റീ അലോക്കേഷൻ കൊടുത്തു. ഇപ്പോൾ അവിടെ സാധനങ്ങൾ കെട്ടിക്കിടപ്പില്ല.

(ഡി) വിതരണമേഖലയ്ക്ക് ആവശ്യമായ സാമഗ്രികൾ വാങ്ങിയതിന്റെ വില വിവരം താഴെ കൊടുക്കുന്നു.

1997-98 — 13 കോടി

1998-99 — 11 കോടി

1999-2000 — 7 കോടി

(ഇ)	കേരളത്തിനകത്തുനിന്നും വാങ്ങിയത്	കേരളത്തിനുപുറത്തുനിന്നും വാങ്ങിയത്
1997-98	8 കോടി	5 കോടി
1998-99	5 കോടി	6 കോടി
1999-2000	4 കോടി	3 കോടി

കെ. എസ്. ഇ. ബി.യിൽ ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ തസ്തികയിൽ താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർ

108 (1775) ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ഇ. ബി.യിൽ ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ തസ്തികയിൽ ഇപ്പോൾ താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർ ഉണ്ടോ ;

(ബി) എങ്കിൽ എത്രപേർ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പി. എസ്. സി. റാങ്ക് ലിസ്റ്റ് നിലനിൽക്കുമ്പോൾ താൽക്കാലിക അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന്റെ കാരണം വെളിപ്പെടുത്തുമോ ;

(ഡി) താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരെ പിരിച്ചുവിട്ട് പി. എസ്.സി. ലിസ്റ്റിൽ നിന്നും നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ ;

(ഇ) കെ. എസ്. ഇ. ബി. യിൽ കാഷ്യർ/ജൂനിയർ അസിസ്റ്റന്റ് തസ്തികയിൽ ഇപ്പോൾ എത്ര ഒഴിവുകൾ നിലവിലുണ്ട് ?

ഉത്തരം

(എ) ഉണ്ട്.

(ബി) 10 പേർ.

(സി&ഡി) നിശ്ചിത കാലയളവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിതരായ അംഗവൈകല്യമുള്ള താൽക്കാലിക ജീവനക്കാരെ പുനർനിയമനം നടത്താൻ നിഷ്ക്കർഷിച്ചുകൊണ്ടുള്ള ഗവൺമെന്റ് ഉത്തരവുകളുടെ വെളിച്ചത്തിലാണ് ഇവർ ജോലി ചെയ്യുന്നത്.

(ഇ) 248 ഒഴിവുകൾ നിലവിലുണ്ട്.

ആർ. ഇ. സി. യുടെ ധനസഹായത്തോടെ ആരംഭിച്ച 33 കെ. വി. സബ്സ്റ്റേഷനുകളുടെ പുരോഗതി

109 (1776) ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആർ. ഇ. സി. യുടെ ധനസഹായത്തോടെ ആരംഭിച്ച 33 കെ. വി. സബ് സ്റ്റേഷനുകളുടെ പുരോഗതി വിശദീകരിക്കാമോ ;

(ബി) കേരളത്തിൽ ഈ പദ്ധതിയിൻ പ്രകാരം എത്ര സബ്സ്റ്റേഷനുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നും അവയിൽ എത്ര എണ്ണത്തിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പദ്ധതികൾ മുഴുവൻ പൂർത്തീകരിക്കാൻ എന്തു തുക വേണ്ടിവരുമെന്ന് വ്യക്തമാക്കാമോ ;

(ഡി) ഇവയുടെ പ്രവർത്തനം പൂർത്തിയാക്കിയാൽ വൈദ്യുതി പ്രസരണ നഷ്ടം ഒഴിവാക്കാനാകുമോയെന്ന് വ്യക്തമാക്കാമോ ;

(ഇ) ഇപ്പോൾ പ്രസരണ നഷ്ടം എത്രയാണെന്നും ഇതിനുള്ള കാരണ മെന്താണെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) 33 കെ. വി സബ്സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം ഏറ്റെടുക്കാനുള്ള നടപടികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുകയാണ്. സ്ഥലം ലഭ്യമായിട്ടുള്ള ചേളാരിയിലും, അഗളിയിലും പണി പുരോഗമിക്കുന്നുണ്ട്. കണ്ണൂർ ജില്ലയിലെ ആറ് സബ്സ്റ്റേഷന്റെ പണിയ്ക്ക് ഉത്തരവ് നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly